**<u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം),</u>**
**<u>നടപടിക്രമങ്ങൾ, തിരുവനന്തപുരം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ് വിഭാഗം – ജീവനക്കാര്യം - ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായുള്ള അനുകമ്പാർഹ സ്ഥലംമാറ്റം 2022-23 – അന്തിമ സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

---

**<u>ജീവനക്കാര്യം (ഇ 7) വിഭാഗം</u>**

ഉത്തരവ് നം. ഇ 7/2647/2022(2) തിരുവനന്തപുരം തീയതി, 26/11/2022

പരാമർശം :- 1. 29/06/2021 തീയതിയിലെ സ.ഉ.(കൈ) നം. 152/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 24/12/2021 തീയതിയിലെ സ.ഉ.(കൈ) നം. 288/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 18/03/2022 തീയതിയിലെ GEDN/U1/107/2022-GEDN നമ്പർ സർക്കാർ കത്ത്.
4. 20/04/2022 തീയതിയിലെ GEDN/U3/21/2021-GEDN – Part (1) നമ്പർ സർക്കാർ കത്ത്.
5. 17/05/2022 തീയതിയിലെ ഈ ഓഫീസിലെ ഇ 7/2647/2022 നമ്പർ പൊതുസ്ഥലംമാറ്റ വിജ്ഞാപനം.
6. 30/04/2022 തീയതിയിലെ GEDN/U3/21/2021 – GEDN നമ്പർ കത്ത്.
7. 24/05/2022 തീയതിയിലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ A1 – 15335/22 DMOH നമ്പർ കത്ത്.
8. 12/10/2022, 08/11/2022 തീയതികളിലെ ഈ ഓഫീസിലെ ഇ 7/2647/2022 നമ്പർ സർക്കുലറുകൾ

**<u>ഉത്തരവ്</u>**

പരാമർശം (1), (2) എന്നിവ പ്രകാരം വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. 2022-23 ലെ പൊതുസ്ഥലംമാറ്റ നടപടികൾ സ്വീകരിക്കാൻ പരാമർശം (4) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു. ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള മുഴുവൻ ഒഴിവുകളും വിഷയത്തിനും തസ്തികയ്ക്കും അതീതമായി ഒരു യൂണിറ്റായി കണക്കാക്കി അതിന്റെ 10% ആണ് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അനുവദിക്കുന്നതെന്നും മുൻഗണനാ ക്രമ പട്ടികയിൽ ആദ്യം വരുന്ന അനുകമ്പാർഹർക്കും അവരുടെ തസ്തികയിൽ പ്രസ്തുത ജില്ലയിൽ ഒഴിവുണ്ടെങ്കിൽ മുൻഗണനാ ക്രമത്തിൽ സ്ഥലംമാറ്റം നൽകുന്നതാണെന്നും, യോഗ്യരായ അപേക്ഷകരില്ലെങ്കിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് നീക്കി വയ്ക്കപ്പെട്ട ഒഴിവ് പൊതു സ്ഥലംമാറ്റത്തിൽ നികത്തപ്പെടുന്നതാണെന്നും പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് പരാമർശം (5) പൊതുസ്ഥലംമാറ്റ

വിജ്ഞാപനം പ്രകാരം അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി 17/05/2022 മുതൽ 21/05/2022 വരെ online മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു.

പരാമർശം (6) പ്രകാരമുള്ള സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നിയോഗിച്ച ഡോക്ടർമാർ അനുകമ്പാർഹ അപേക്ഷകൾ പരിശോധിക്കുകയും അർഹരായവരെ റാങ്ക് ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള കരട് റാങ്ക് ലിസ്റ്റുകളും, കരട് സ്ഥലംമാറ്റ പട്ടികയും പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ അനുകമ്പാർഹ സ്ഥലംമാറ്റം അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസ് ഉത്തരവ് തീയതിയായ 26/11/2022 പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

ഏതെങ്കിലും ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ തെറ്റായ വിവരങ്ങൾ നൽകി അനുകമ്പാർഹ സ്ഥലംമാറ്റം ആവശ്യപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർക്കെതിരെയും ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പാളിനുമെതിരെയും കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. ടി അനുകമ്പാർഹ സ്ഥലംമാറ്റം വർഷംതോറും പുനഃപരിശോധിക്കുന്നതാണ്. ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ് www.vhsetransfer.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഉടൻ പ്രാബല്യത്തിൽ തന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം ആയത് www.vhsetransfer.kerala.gov.in സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**ജീവൻ ബാബു.കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ.
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ.
3. ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർ.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

RR